**QP CODE: 21102938**

21102938

**Reg No** : .....................

**Name** : .....................

## UNDER GRADUATE (CBCS) REGULAR/SUPPLEMENTARY EXAMINATIONS, OCTOBER 2021

### Fourth Semester

### Common Course II - ML4CCT04 - മലയാളം - മലയാള ഗദ്യരചനകൾ

(Common for all Model I B.A/B.Sc Programmes)

**For Regular Candidates : 2019 Admission only**

**For Private Candidates : 2017 Admission Onwards**

1B1C1BA5

Time: 3 Hours — Max. Marks : 80

***Instructions to Private candidates only****: This question paper contains* ***two sections****. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

**SECTION I**

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോടുത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോടു തന്നെ ഉത്തരവാദപ്പെട്ടിരിക്കുന്നു. എന്തുകൊണ്ട്?
2. ' വാക്യം രസാത്മകം കാവ്യം' എന്നത് കാവ്യത്തിന്റെ ആപ്തവാക്യമായതെന്തുകൊണ്ട്?
3. ' മാറിമാറി വരുന്ന മുഖഭാവങ്ങൾ സൂചിപ്പിക്കാൻ ഏറ്റവും പ്രധാനമാണിത്' സൂചനയെന്ത്?
4. എ ആർ.രാജരാജവർമ്മയുടെ മേഘസന്ദേശ വിവർത്തനത്തിന്റെ പ്രധാന ലക്ഷ്യം എന്തായിരു ന്നു?
5. കുറിപ്പെഴുതുക.'പ്രൊഫ. ജോസഫ് മുണ്ടശ്ശേരി '
6. കുറിപ്പെഴുതുക - 'എം. ടി. വാസുദേവൻ നായർ '
7. സാറാജോസഫിന്റെ സാഹിത്യ സംഭാവനകളെക്കുറിച്ച് ലഘുവിവരണം നല്കുക.
8. ലേഖക പരിചയം നടത്തുക.'ജീവൻ ജോബ് തോമസ് '
9. കാരൂരിനെ ' കാഷ്മീരി സാഹിത്യകാരനായ 'അക്തർ മൊഹിയുദ്ദീൻ

'പരിചയപ്പെടുത്തുന്ന തെങ്ങനെ?

10. കാരൂർ പ്രതിഭ സൌമ്യവും ശാന്തവുമായിത്തീരാനുള്ള കാരണമെന്ത്?

11. അവന്റെ അളിയൻ' എന്ന കഥയുടെ പ്രമേയമെന്ത്?

12. കാരൂർ സ്മാരക മന്ദിരം എവിടെയാണ്? എങ്ങനെയാണ് ആ പേര് നിർദ്ദേശിക്കപ്പെട്ടത്?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും ***5*** മാർക്ക് വീതം.

13. സിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എം -ടിയുടെ നിരീക്ഷണങ്ങളെന്തെല്ലാം?

14. വാമൊഴി വരമൊഴി ഇടകലർച്ചകൊണ്ട് സംഭവിക്കുന്ന ഇരട്ട മൊഴിത്തം നമ്മുടെ ഭാഷയെ ഏതുതരം നിലവാരപ്പെടലിനാണ് സഹായിക്കുന്നതെന്ന് 'മാറുന്ന മലയാള സംസാരഭാഷ' എന്ന ലേഖനം വിലയിരുത്തുന്നു -- വിശദമാക്കുക

15. കുറിപ്പെഴുതുക - 'പാലക്കാട് മണി അയ്യർ'

16. 'മതനിരപേക്ഷ പുസ്തക പ്രസാധനത്തിന്റെ തുടക്കക്കാരനായിരുന്നു ഈശ്വരപിള്ള വിചാരിപ്പുകാർ' ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? വിശദമാക്കുക.

17. ' അധഃകൃതർക്ക് ക്ഷേത്രപ്രവേശനാനുമതി ലഭിക്കുന്നതിനുമുമ്പ് രവിവർമ്മയുടെ ദേവീ-ദേവചിത്രങ്ങൾ കുടിലുകളിൽപ്പോലും പൂജനീയമായി ' - അക്കാലത്തെ സാമൂഹികാവസ്ഥ മുൻനിർത്തി ഈ പ്രസ്താവന വിലയിരുത്തുക.

18. 'ആ ഉതുപ്പാൻ കാരൂർതന്നെയല്ലേ..? അദ്ദേഹം കുഴിച്ച കിണറല്ലേ എസ്.പി.സി.എസ്...? ഗ്രന്ഥകർത്രി ലക്ഷ്യം വയ്ക്കുന്നതെന്തെല്ലാം?

19. തന്റെ അച്ഛൻ ഒരു ' ധീരോദാത്ത നായകനാ'യിരുന്നുവെന്ന് ബി.സരസ്വതി സമർത്ഥിക്കുന്നതെങ്ങനെ?

20. കുട നന്നാക്കാനുണ്ടോ?' എന്ന കഥയിലെ നായകനെപ്പോലെയാണ് കാരൂരും.' വില്ലാളിയായ
അർജ്ജുനനെപ്പോലെ, അമ്പു കൊള്ളിക്കേണ്ട കണ്ണു മാത്രമേ കാണുകയുള്ളു. ' വിലയിരുത്തുക

21. 'നിങ്ങൾക്കിപ്പം ചോറുവിളമ്പിത്തന്നില്ലേ, ഈ നിൽക്കുന്ന എന്റെ മകൾ.

അവളാണ് കഥയെഴുതുന്ന ബി.സരസ്വതി.' ഈ അവകാശവാദം ഉന്നയിക്കാനിടയായ സാഹചര്യം എന്ത്?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. ' മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധം ഉദ്ഘോഷിക്കുന്നതാണ് സിയാറ്റിൽ മൂപ്പന്റെ ചരിത്ര പ്രസിദ്ധമായ പ്രഭാഷണം.' ചർച്ച ചെയ്യുക.

23. 'അടുക്കള വീണ്ടെടുക്കപ്പെടേണ്ട ഒരു ലോകമാണ് '. സാറാ ജോസഫിന്റെ നിലപാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക

24. എസ്.പി.സി.എസ്സിന്റെ സ്ഥാപന ചരിത്രം വിവരിക്കുക.

25. വയലാർ രാമവർമ്മയും കാരൂർ നീലകണ്ഠപ്പിള്ളയും ~ ഉപന്യസിക്കുക

(2×15=30)